بسم الله الرحمن الرحيم

# പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## വെള്ളിയാഴ്ച ഖുത്തുബ

*20 April 2012 ~ 27 Jamadul Awwal 1433 Hijri*

## ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹുൽ മൗഊദ് മുനീർ അഹ്‌മദ് അസീം(അ)

**(വെള്ളിയാഴ്ച ഖുത്തബയുടെ സംഗ്രഹം)**

ലോകമെമ്പാടുമുള്ള അനുയായികളേയും, ആഗോള മുസ്ലിംകളെയും സമാധാനാശംസകൾ കൊണ്ട് അഭിവാദ്യമർപ്പിച്ചതിനു ശേഷം, തശ്ഹ്ദും, തഅവസും, സൂറഫാത്വിഹയും ഓതി ഹസ്രത്ത് മുഹ്‌യിദ്ദീൻ *(atba)* ഇപ്രകാരം പറഞ്ഞു.

എല്ലാ ദു:ഖങ്ങളിൽ– ക്ലേശങ്ങളിൽ നിന്നും മുക്തമായ ഒരു ഹൃദയവും, അതുപോലെ തന്നെ സർവ്വവിധ രോഗങ്ങളിൽ നിന്നും അകന്നു നില്ക്കുന്ന ഒരു ശരീരവും ലഭ്യമാവുക എന്നത് അങ്ങേയറ്റം പവിത്രമായ ഒരനുഗ്രഹമാകുന്നു. നബി(സ) തിരുമേനിയുടെ വാക്കുകൾ ശ്രദ്ധിക്കുമ്പോൾ തന്നെ നമുക്ക് ബോധ്യമാകുന്ന സത്യമാണ്, മേൽപറഞ്ഞ രണ്ടു കാര്യങ്ങളും, മാനവരാശിക്ക് അന്യമാണെന്ന്. തിരുമേനി(സ) പറഞ്ഞിരിക്കുന്നത് നോക്കൂ. മനുഷ്യൻ വഞ്ചിക്കപ്പെട്ടു പോകാവുന്ന രണ്ടു അനുഗ്രഹങ്ങളുണ്ട്. അവ ആരോഗ്യവും, ഒഴിവുവേളയുമാണ്. ഈ രണ്ട് അനുഗ്രഹങ്ങളോട് ജനങ്ങളുടെ മനോഭാവത്തെ എടുത്തു കാട്ടുകയാണ് തിരുമേനി(സ) ഇവിടെ. ഈ രണ്ടു കാര്യങ്ങൾക്കും തക്കതായ മൂല്യം മനുഷ്യരാരും കല്പ്പിക്കുന്നില്ല. അതെത്രത്തോളമെന്നാൽ തങ്ങൾക്കു ലഭിക്കുന്ന ഒഴിവുവേളകളെ, തങ്ങളും ജീവിത പുരോഗതിക്കുതകുന്ന കാര്യങ്ങൾക്കും ആത്മീയ പുരോഗതിക്കാവശ്യമായ മതപരമായ കാര്യങ്ങൾക്കുമായി വിനിയോഗിക്കാതെ നഷ്ടപ്പെടുത്തിക്കളയുകയത്രെ അവർ ചെയ്യുന്നത്–എത്ര നീചനീയമായ നഷ്ടം.

തങ്ങൾക്കോരോരുത്തർക്കും വീണുകിട്ടുന്ന ഒഴിവുവേളകളിലെ ഓരോ നിമിഷവും തങ്ങളുടെ ജീവിതത്തിലെ ഓരോ നിമിഷവും പരിപൂർണ്ണമായി, ഫലപ്രദമായി ഉപയോഗിക്കുവാനും,ഒട്ടും പാഴാക്കാതിരിക്കുവാനായി ഓർമ്മിപ്പിച്ചു കൊണ്ട് നബി(സ) പറഞ്ഞിരിക്കുന്നു. പുനരുദ്ധാരണ നാളിൽ അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരായിരിക്കുന്ന ഒരു വ്യക്തിയുടെയും പാദങ്ങൾ അവ ഉറപ്പിച്ചിരിക്കുന്ന സ്ഥലത്തു നിന്ന് അവർ അവന്റെ നാലു ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതിനു മുമ്പേ, ചലിക്കുകയേ ഇല്ല.
ആ ചോദ്യങ്ങൾ ഇവയാകുന്നു. 1) തന്റെ ജീവിതകാലത്ത് അവനെന്തു ചെയ്തു? 2) തന്റെ യൗവനം എങ്ങനെ ചെലവഴിച്ചു? 3) എങ്ങനെ എവിടെ നിന്നുമാണ് ധനം സമ്പാദിച്ചത്? അതെങ്ങനെ ചെലവഴിച്ചു? 4) താൻ നേടിയ വിദ്യ എന്തു ചെയ്തു.

തിരുമേനി(സ) യുടെ വാക്കുകൾ ഉദ്ധരിച്ചാൽ അഞ്ചുകാര്യങ്ങൾക്കെതിരിൽ അഞ്ചു കാര്യങ്ങൾ ഉപയോഗിച്ചു കൊള്ളുവിൻ; നിങ്ങളുടെ യൗവനകാലം വാർദ്ധക്യമെത്തും മുമ്പേ; നിങ്ങൾ രോഗിയാവും മുന്നേ, അരോഗ്യദൃഢഗാത്രനായിരിക്കുമ്പോൾ; നിങ്ങളുടെ ധനത്തെ നിങ്ങളുടെ ദാരിദ്രാവസ്ഥയ്ക്കു മുമ്പേ; നിങ്ങളുടെ ഒഴിവുവേളകളെ നിങ്ങളുടെ തൊഴിലിനു മുന്നേ; നിങ്ങളുടെ ജീവിതകാലത്തെ, നിങ്ങളുടെ മരണമെത്തും മുമ്പേ. ഇത് വ്യക്തമായി ചൂണ്ടിക്കാട്ടുന്ന വസ്തുത, ഓരോ മുസ്ലിമും അവനു ലഭ്യമായ ജീവിതകാലത്തെ ഓരോ നിമിഷവും ഫലപ്രദമായി വിനിയോഗിക്കുക തന്നെ വേണം എന്നതാണ്. അതായത്,ധനവും, കാര്യപ്രാപ്തിയും ഉള്ള യുവത്വകാലത്തു തന്നെ, പ്രായാധിക്യം മൂലമുള്ള ബുദ്ധിമുട്ടുകളും, ജീവിതത്തിലെ കഷ്ടപ്പാടുകളും, ദാരിദ്രാവസ്ഥയും, രോഗങ്ങളും ഒക്കെ അവനെ കീഴ്പ്പെടുത്തുന്നതിനു മുന്നേ തന്നെ, ഓരോ വ്യക്തിയും തനിക്കു ലഭിക്കുന്ന ഓരോ നിമിഷവും ഫലവത്തായി ഉപയോഗിക്കുക തന്നെ ചെയ്യണം.

കർമ്മങ്ങളാലും, പ്രവർത്തനങ്ങളാലും പൂർണ്ണമാക്കാൻ നിതാന്ത പരിശ്രമം ചെയ്യുന്നവരായിരുന്നു. അവർ അലസതയും, ഉദാസീനതയും (കാര്യമില്ലാത്ത കാര്യങ്ങൾക്കായി സമയം കൊല്ലുന്നതും) അങ്ങേയറ്റം വെറുത്തിരുന്നു.

ഖലീഫ അൽഫാറൂഖ് ഉമർ ഇബ്നു ഖത്താബ്(റ) പറഞ്ഞിരിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. “ നിങ്ങളിലാരെങ്കിലും ഒരാൾ അലസതയിലും, ഉദാസീനതയിലും മുഴുകി, ഭൗതികമോ, പാരത്രികമോ ആയ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്താതിരിക്കുന്നതു കാണുന്നത് ഞാൻ വെറുക്കുന്നു”.

അബ്ദുല്ലാഹ് ഇബ്നു മസൂദ്(റ) പറഞ്ഞിരിക്കുന്നു. ഭൗതികമോ, അല്ലെങ്കിൽ ആത്മീയമോ ആയ മേഖലകളിലേതെങ്കിലും ഒരു ജോലി ഇല്ലാതെ വെറുതെയിരിക്കുന്ന ഒരുവനെ ഞാൻ വെറുക്കുന്നു.

എന്റെ പ്രിയപ്പെട്ട സഹോദരന്മാരെ, സഹോദരിമാരെ, നമ്മുടെ ഒഴിവു വേളകളെ ഒരിയ്ക്കലും ശൂന്യമായി ഇടരുത്, അത് നന്മ കൊണ്ടോ, തിന്മ കൊണ്ടോ നിറക്കേണ്ടതാണ്. നന്മകൾ കൊണ്ട് തന്റെ ഒഴിവു വേളകളെ നിറക്കണമെന്നാഗ്രഹമില്ലാത്ത ഓരോ വ്യക്തിയും മോശമായ പ്രവർത്തികളാൽ തന്റെ ഒഴിവു വേളകളെ നിറക്കും. നന്മയ്ക്കും, നല്ല കാര്യങ്ങൾക്കുമായി തന്റെ സമയം വിനിയോഗിക്കുന്നവൻ അനുഗ്രഹ പ്പെട്ടിരിക്കുന്നു. ചതിയും, വഞ്ചനയും, അഴിമതിയും മറ്റ് ദുഷ്പ്രവർത്തികൾക്കുമായി സമയം ചെലവഴിക്കുന്ന വൻ ശപിക്കപ്പെട്ടവനത്രെ.

മഹോന്നതനായ അല്ലാഹു, മറ്റു കാര്യങ്ങൾക്കൊപ്പം ഓരോ മുസ്ലിമിനോടും, തന്റെ സമയം കാത്തുകൊള്ളാനും, അത് നല്ല കാര്യങ്ങൾക്കായി ഫലപ്രദമായി വിനിയോഗിക്കുവാനും നിർദേശിച്ചിരിക്കു ന്നു. വി: ഖുർആനിൽ അല്ലാഹു പറഞ്ഞിരിക്കുന്നു......''അല്ലാഹുവിലേക്ക് – അവന്റെ ക്ഷമാപണത്തിലേക്ക്– പശ്ചാത്തപിച്ച് ധൃതിപ്പെട്ടു മടങ്ങുക''. വീണ്ടും അവൻ പറയുന്നു. ''അവൻ തിരിയുന്ന ഓരോ ദിക്കിലേക്കും നിങ്ങൾ തിരിഞ്ഞു കൊള്ളുക. എന്നിട്ട് നല്ല കാര്യങ്ങളിൽ മുന്നേറുക''.

ഇഹലോകം കർമ്മങ്ങളുടെയും, തൊഴിലുകളുടെയും കളമാണ്. ഓട്ടപ്പന്തയം നടത്തുന്ന അത്ലറ്റു കളുടെ പദചലനങ്ങൾ ഉയർത്തുന്ന പൊടി പടലങ്ങളാൽ ആവൃതമായ ഒരു പന്തയക്കളം പോലെയാണിത്. നമ്മളിൽ ഒരു വിഭാഗം ഭൗതികമായ സുഖലോലുപതയ്ക്കായി മാത്രം ഓട്ടപ്പന്തയം നടത്തുന്നവരാണ്. മറ്റു ചിലരാകട്ടെ, ഭൗതികസുഖത്തോടൊപ്പം, പ്രയോജന പ്രദമായ കാര്യങ്ങളും ഒരേ സമയം ചെയ്യുന്നവരത്രെ. ഭൗതീകാനന്ദങ്ങളോടൊപ്പം തന്നെ നല്ല പ്രവർത്തനങ്ങൾക്കായി അവർ കൂടുതൽ സമയവും ചെലവഴിക്കുന്നു. പന്തയപ്പാതയിലുയർന്ന പൊടി പടലങ്ങൾ അമർന്നു കഴിയുമ്പോൾ തോറ്റുപോയവന് വിഷമം തോന്നും പോലെ, ഒഴിവുവേള ഭൗതീകാനന്ദത്തിനായി ഉപയോഗിച്ചവൻ, തന്റെ സമയം വ്യഥാ കളഞ്ഞല്ലോ എന്ന് ഖേദിക്കും. ഇത്, വിത്തു വിതക്കാത്ത നമുക്ക് വിത്തു വിതച്ചവൻ വിള കൊയ്തെടുക്കുന്നതു കാണുമ്പോൾ, തോന്നുന്ന ഖേദം പോലെയാണ്. സമയം പാഴാക്കികളഞ്ഞിട്ട്, പിന്നീടിരുന്ന് പശ്ചാത്തപിച്ചിട്ടൊരു കാര്യവുമില്ല. ഹസ്രത്ത് അലി ഇബ്നു അബീ താലിബ് പറഞ്ഞതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ''ഇഹലോക ജീവിതം, നമ്മിൽ നിന്നും അകലുന്നു. (തീർന്നുകൊണ്ടിരിക്കുകയാണ്) പരലോകം (വന്നുകൊണ് ടും) നമ്മിലേക്ക് അടുത്തു കൊണ്ടും. ഓരോ ഗൃഹത്തിലും കുഞ്ഞുങ്ങളുണ്ട് ഇനി വരാനിരിക്കുന്ന ജീവിതമാണവിടെ,വന്നു കഴിഞ്ഞത ല്ല. കാരണം ഇന്ന് നാം ചെയ്യുന്ന പ്രവൃത്തികൾക്ക് അല്ലാഹുവിന്റെ മുന്നിൽ കണക്കു ബോധിപ്പിക്കുന്നില്ല. പക്ഷേ നാളെ നാം അതിന്റെ കണക്ക് അവന്റെ മുന്നിൽ ബോധിപ്പിക്കുക തന്നെ ചെയ്യും. അപ്പോൾ പ്രവൃത്തി കളില്ല. കണക്കു ബോധിപ്പിക്കൽ മാത്രം''. ആയതിനാൽ ഓരോ മുസ്ലിമും നന്മകളിൽ മുന്നേറുന്നതിൽ നിന്നും നമ്മെ പിന്തിരിപ്പിക്കുന്ന തിന്മകളിൽ നിന്നും അകന്നു നില്ക്കുവാൻ ജാഗ്രത പുലർത്തണം നന്മകൾ ചെയ്യുന്ന തിൽ നിന്നും, അല്ലെങ്കിൽ അവ പൂർത്തിയാക്കുന്നതിന് താമസം വരുത്തുന്ന രണ്ട് തിന്മകൾ ദൗർബല്യവും അലസതയുമാണ്. ഈ രണ്ടു കാര്യങ്ങൾക്കെതിരിൽ രക്ഷ പ്രാപിക്കുന്നതിനായി നബി(സ) തിരുമേനി ഇപ്ര കാരം അല്ലാഹുവിനോട് പ്രാർത്ഥിച്ചിരുന്നു. എന്റെ റബ്ബേ, എന്നെ നീ അലസതയിൽ നിന്നും ദൗർബല്യങ്ങളിൽ നിന്നും കാത്തു കൊള്ളേണമെ.

ഓരോ മുസ്ലിമും, ഇഹലോകത്തെ തന്റെ ജീവിതത്തിനുപകരിക്കുന്നതും, മതപരമായ കാര്യ ങ്ങൾക്ക് സഹായിക്കുന്നതും ആയ എല്ലാ നല്ല പ്രവർത്തനങ്ങൾക്കും തന്റെ സമയത്തെ വിനിയോഗിക്കണം. അങ്ങനെ ഫലപ്രദമായി വിനിയോഗിക്കുന്നവർ സമൂഹത്തിന് ഒരിക്കലും ഒരു ഭാരമായി മാറുകയേയില്ല. ആകാശ ഭൂമികളുടെ സൃഷ്ടിപ്പിലും, ദിനരാത്രങ്ങളുടെ മാറ്റങ്ങളിലും ചിന്തിക്കുന്ന മനുഷ്യർക്ക് ചില അടയാളങ്ങളുണ്ട്. അല്ലാഹു പറഞ്ഞിരിക്കുന്നു.

മനുഷ്യന് അനുകൂലമായും, പ്രതികൂലമായും സാക്ഷി പറയുവാൻ ദിനരാത്രങ്ങൾ വരും. കാരണം അവയിലാണല്ലോ ഓരോ വ്യക്തിയും തന്റെ കർമ്മപഥത്തിൽ നിരതനായിരുന്നത്. പുനരുദ്ധാരണ ദിനത്തിൽ, നമ്മുടെ പ്രവൃത്തികൾക്ക് സാക്ഷി പറയുവാൻ അവയുണ്ടാവും. തിരുനബി(സ) അരുളിയിരിക്കു ന്നു:– അന്ന് ആദമിന്റെ മക്കളോട് വിചാരണ ചെയ്യാതെ ഒരു ദിനവും കടന്നു പോവില്ല. അത് പറയും. അല്ലയോ ആദം സന്തതികളെ; ഞാനൊരു പുതുസൃഷ്ടിയാണ്. നിങ്ങൾ ഇന്ന് ചെയ്യുന്ന ഓരോ പ്രവൃത്തിക്കും ഞാൻ പിന്നീട് സാക്ഷിയായി നില്ക്കും. ആയതിനാൽ, ഇന്ന് നല്ല പ്രവർത്തികൾ ചെയ്യുവാൻ ജാഗ്രത കാണിക്കുക. കാരണം, അങ്ങനെ ആയാൽ നാളെ നിനക്കനുകൂലമായി എനിക്ക് സാക്ഷി പറയാം. ഞാൻ ഇന്ന് കടന്നു പോയാൽ പിന്നെ ഒരിയ്ക്കലും നിനക്കെന്നെ കണ്ടുമുട്ടുവാൻ സാധിക്കുകയില്ല. രാവും ഇതുപോലെ തന്നെ പറയും. ദിനരാത്രങ്ങൾ നമ്മുടെ പ്രവൃത്തികൾ കോരിയിടുന്ന കടലാസുകളാണ്. ആയതിനാൽ നല്ല പ്രവൃ ത്തികളാൽ അവയെ അനശ്വരമാക്കി വെക്കുക. മേഘങ്ങൾ ഒഴുകി പോകുന്ന പോലെ അവസരങ്ങൾ കടന്നു പോകും. അവഗണിക്കൽ വലിയ നെറികേടാണ്. അലസത കൈമുതലാക്കുന്നവർ പാതി വഴിയിൽ ഇടറിവീ ഴും. അലസതയും,ഉദാസീനതയും വരിച്ചവർക്ക് നഷ്ടം തന്നെയാണ് ഫലമായി കിട്ടുക.

വാസ്തവത്തിൽ, ഭൂമിയിൽ മനുഷ്യജീവിതം വെറും ദിനങ്ങളും മണിക്കൂറുകളും മാത്രമാണ്. ഞാൻ മിക്ക പ്പോഴും ചിന്തിക്കുകയും അപഗ്രഥിക്കുകയും ചെയ്ത സംഗതിയാണ് ''ഭൂമിയിലെ ജീവിതം എന്താണെന്ന് ''?

അല്ലയോ, ആദം സന്തതികളെ, നിങ്ങൾ ഒരു എണ്ണപ്പെട്ട ദിനങ്ങൾ മാത്രമാണ്. ഒരു ദിനം കട ന്നുപോകുമ്പോൾ സത്യത്തിൽ നിങ്ങളുടെ ഒരു ഭാഗം തന്നെയാണ് നഷ്ടമാകുന്നത്. നമ്മുടെ ഹൃദയസ്പന്ദന ങ്ങൾ നമ്മോടു പറയുന്നത്– നമ്മുടെ ആകെ ജീവിതം എന്നത് വെറും മിനിറ്റുകളോ, സെക്കന്റുകളോ മാത്ര മാണെന്നതാണ്. അത്ഭുതവഹമെന്നു പറയട്ടെ മനുഷ്യർ ദിവസങ്ങളും, മാസങ്ങളും കടന്നു പോകുന്നതിൽ സന്തോഷവാന്മാരായാണ് കാണപ്പെടുന്നത്. ഇത് മാസശമ്പളം ലഭിക്കുവാനോ, വാർഷികാവധി കിട്ടുവാനോ, ഒരു യൂണിവേഴ്സിറ്റി ഡിഗ്രിയോ മറ്റോ ലഭിക്കുവാനോ വേണ്ടിയത്രേ. പാവം മനുഷ്യൻ അവനറിയുന്നില്ല, ദിനങ്ങൾ കടന്നു പോകുമ്പോൾ തങ്ങളുടെ ജീവിതചക്രവും കുറഞ്ഞു വരുകയാണെന്നും, തന്നെ പാരത്രിക ലോകത്തേക്ക് അടുപ്പിക്കുകയാണെന്നും.

ഓരോ പുലരിയും നാം സന്തോഷത്തോടെ വരവേല്ക്കുന്നു. പക്ഷേ, നാം ചെലവഴിക്കുന്ന ഓരോ ദിനവും നമ്മെ മരണത്തിലേക്ക് അടുപ്പിക്കുകയാണെന്നും ഓർക്കുക. അല്ലയോ, സഹോദരീ, സഹോ ദരന്മാരെ, നല്ല നിലയിൽ ചെലവഴിച്ച ഓരോ ദിനത്തിനും അത് ആത്മീയമായ ഔന്നത്യത്തിനു വേണ്ടിയാ കട്ടെ, നിങ്ങളുടെ , ശാരീരികമോ, സാമ്പത്തികമോ, ആയ ഔന്നത്യത്തിനു വേണ്ടിയാകട്ടെ–അല്ലാഹുവിനോട് അഗാധമായി നന്ദി പറഞ്ഞു കൊണ്ടിരിക്കുക. നിങ്ങൾ പൂർണ്ണാരോഗ്യത്തോടെ നല്ല നിലയിൽ വസിക്കുമ്പോൾ, ലോകത്ത് എത്രയെത്ര മനുഷ്യർക്കാണ് തങ്ങളുടെ മതം നഷ്ടമാകുന്നത്? തങ്ങളുടെ സ്വത്തും, പദവിയും എല്ലാം നഷ്ടമാകുന്നത്? ഞാനെന്തെങ്കിലും, അല്ലാഹുവിനോട് ആവശ്യപ്പെടുന്നുവെങ്കിൽ അത് ക്ഷമയും( പൊറുതിയും) ആരോഗ്യവും മാത്രമായിരിക്കും. എത്രയെത്ര യുവാക്കളാണ് രാത്രികാലം അല്ലാഹുവിന്റെ അനു ഗ്രഹത്തിനു പാത്രമായി കഴിഞ്ഞിട്ട് പകലിൽ അത് നഷ്ടപ്പെട്ടവരായി മാറുന്നത്? കടം വാങ്ങിയ പ്രകാശ ത്തിൻ കീഴിലുള്ള ഒരു ദിനം മാത്രമാണ് ഈ ലോകം എന്നറിയുക. നിങ്ങളുടെ ചുറ്റും, പച്ചപ്പും, ഊഷ്മള തയും തിങ്ങിനില്ക്കുകയാണിപ്പോൾ. പക്ഷേ വിധി എന്നൊരു സംഗതിയുണ്ട്. അതിന്റെ സമാഗത സമയമെ ത്തുമ്പോൾ, ഇപ്പോൾ കാണുന്ന പച്ചപ്പും, ആവേശവുമൊക്കെ മങ്ങും, അത് കറുത്ത രാവ്, പകൽ വെളി ച്ചത്തെ ഇല്ലാതാക്കുന്നതു പോലെയാണ്.

ഞാനിപ്പോൾ നിർത്തുകയാണ്. ഈ പ്രസംഗം അടുത്തയാഴ്ചയും തുടരുവാൻ അല്ലാഹു അനു ഗ്രഹിക്കുമാറാകട്ടെ. ഇൻശാ അല്ലാഹ്. ആമീൻ.

തന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനു മുമ്പായി, ഒമ്പതു വർഷങ്ങൾക്കു മുമ്പ് ഇതേദി വസം നടന്ന ഒരു പ്രത്യേക സംഭവത്തെപ്പറ്റി പറയുകയുണ്ടായി.–ഹുസൂർ (atba) ന്റെ ശിഷ്യവൃന്ദം, മൗറീഷ്യ സിലെ ലോവറ്റ് അവന്യൂ ക്വാർട്ടറിൽ വച്ച് ആദ്യ ബൈഅത്ത് ചെയ്ത സംഭവം നടന്ന ദിവസമായിരുന്നു അത്. അദ്ദേഹം സഫറുല്ലാഹ് ഡോമൻ ഭായ് സാഹിബ് തന്നെ പുറത്തേക്ക് വിളിച്ച് ബൈഅത്ത് സ്വീകരിക്കുന്നത് സംബന്ധമായി അല്ലാഹുവിൽ നിന്ന് വെളിപാടുകൾ വല്ലതും ലഭ്യമായിട്ടുണ്ടോ എന്ന് ചോദിച്ചതും അതു സംബന്ധമായി തനിക്ക് അല്ലാഹുവിൽ നിന്നും സന്ദേശമൊന്നും കിട്ടിയിട്ടില്ല എന്നും, അങ്ങനെ ദൈവീക അറിയിപ്പ് കിട്ടുന്നതു വരെ താൻ ബൈഅത്ത് സ്വീകരിക്കുകയില്ല എന്നു പറഞ്ഞതും വിവരിച്ചു. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹമെന്നേ പറയേണ്ടൂ,ആ ശിഷ്യസദസ്സിനു ക്ലാസെടുത്തു കൊണ്ടിരിക്കുന്ന വേള യിൽ തനിക്കു ആത്മീയ വെളിപാടുണ്ടായതും അവരെല്ലാവരും അതിന് സാക്ഷികളായതും, അപ്പോൾ തന്നെ അവർ തങ്ങളുടെ കൈകൾ നീട്ടി തന്റെ കയ്യിൽ വച്ച് ബൈഅത്തു ചെയ്തതും അദ്ദേഹം വിശദമാക്കി. ആദ്യ കരം തന്റെ കൈയ്യിൽ വെച്ചത് സഫറുല്ലാഹ് ഡോമൻ സാഹിബ് ആയിരുന്നു വെന്നും, അതിനു മേലെ ഒന്നിനു മുകളിൽ മറ്റൊന്ന് എന്ന നിലയിൽ എല്ലാവരും തങ്ങളുടെ കൈകൾ ഹുസൂറിന്റെ കൈപത്തി മേൽ വച്ചതും, നീണ്ട നേരത്തെ പ്രാർത്ഥനയിലുടനീളം തന്റെ കൈയ്ക്ക് ഒരു വിഷമമോ, ഭാരക്കൂടുതലോ തോന്നാതിരു ന്നതും അദ്ദേഹം അനുസ്മരിച്ചു. അക്കൂട്ടത്തിൽ അഹ്മദിയാ ജമാ അത്തിലെ ചില അംഗങ്ങളും ഉണ്ടായിരു ന്നുവെന്നും അവരും ഈ വെളിപാടിനെ സാക്ഷകളായി അദേഹത്തിൽ ബൈഅത്തു ചെയ്തു. എന്താണ് സംഭവിച്ചത്, എന്താണ് തങ്ങൾ ചെയ്തത് എന്ന് അവർക്ക് ചിന്തിക്കുവാൻ വേണ് ിയായിരുന്നു ഇത്. അവർ അങ്ങനെ ചെയ്തതിനു കാരണം, ദൈവീക സാക്ഷാത്കാരത്തിന് അവർക്ക് സാക്ഷികളാകാൻ കഴിഞ്ഞു എന്ന താണ്.

2003 ഏപ്രിൽ 19 നാണ് അഹ്മദിയാ മുസ്ലിം ജമാഅത്തിന്റെ നാലാം ഖലീഫ വഫാത്താകുന്ന ത്. ഹുസൂർ *(atba)* പൊട്ടിയ വാച്ച് നിലച്ച സംഭവവും, മൗറീഷ്യസിലെ അഹ്മദികൾക്കിടയിൽ വ്യാപിച്ച ഒരു കിം വദന്തിയും അതായത് നാലാം ഖലീഫയുടെ മരണം സംബന്ധിച്ച ഹുസൂറിന്റെ ഒരു പ്രവചനത്തെപ്പറ്റി ഉയർന്നത് അദ്ദേഹം വിശദമാക്കി. നാലാം ഖലീഫ തന്റെ മുബാഹലയിൽ ഹുസൂർ (atba) ന്, ഒരു ദാരുണമായ

അന്ത്യമാണുണ്ടാവുക എന്ന് പ്രഖ്യാപിച്ചിരിക്കുന്നു. പക്ഷേ തന്റെ മുബാഹലയുടെയും, ഹുസൂറിനു മേലുള്ള ശാപ പ്രാർത്ഥനയുടെയും പരിണിത ഫലം കാണുന്നതിനു മുമ്പ് അദ്ദേഹം ഇഹലോകത്തു നിന്നും വിടവാങ്ങി.


Translated by: Fauzia Jamal



Issued by: R. Jamaludin Raother, Amir
Jamaat Ul Sahih Al Islam Kerala
Email: jamal.raother@gmail.com
Website: http://www.jamaat-ul-sahih-al-islam.com